AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 140/2019 04.09.2019

## തലസ്ഥാനത്തെ വ്യവസായശാല പൂർണ്ണ ജൈവകൃഷിയിലേയ്ക്ക്

വ്യവസായമാലിന്യങ്ങളും ചപ്പുംചവറും കൂട്ടിയിട്ട് യാതൊരുവിധ പ്രവർത്തനങ്ങൾക്കും യോഗ്യമല്ലാതെ കിടന്ന 3 ഏക്കർ തരിശുനിലത്ത് ജൈവകൃഷിയിലൂടെ നൂറുമേനി വിളവെടുത്ത് ഹരിതവർണ്ണാഭമാക്കിയിരിക്കുകയാണ് തലസ്ഥാനനഗരിയിലെ പ്രമുഖ ഫാക്ടറിയായ ടൈറ്റാനിയം. തിരുവനന്തപുരത്ത് എയർപോർട്ടിനടുത്തുള്ള ടൈറ്റാനിയം വ്യവസായ കേന്ദ്രത്തിന്റെ ഭൂമിയിലാണ് പച്ചക്കറി, വാഴയിനങ്ങൾ, ഇക്കോളജിക്കൽ എഞ്ചിനീയറിംഗിന്റെ ഭാഗമായുള്ള പൂച്ചെടികൾ എന്നിവ നട്ടുവളർത്തി വിളവെടുപ്പിന്റെ പുണ്യഭൂമിയാക്കി തീർത്തിരിക്കുന്നത് പച്ചക്കറി വിഭവങ്ങളുടെ വിളവെടുപ്പ് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ ഇന്ന് വൈകുന്നേരം നിർവഹിക്കുകയുണ്ടായി.

ചെയർമാൻ റഷീദിന്റെ നേതൃത്വത്തിലുള്ള ജീവനക്കാരും സംഘവും, കൃഷിവകുപ്പ്, കുടപ്പനക്കുന്ന് കാർഷിക കർമ്മസേന, തിരുവനന്തപുരം കോർപ്പറേഷൻ എന്നീ കൂട്ടായ്മകളുടെ അദ്ധ്വാന ഫലമായാണ് തരിശുഭൂമിയെ പച്ചപ്പണിയിച്ചത്. ഫാക്ടറിയിലെ ചെളിയും ചണ്ടും നിറഞ്ഞു കിടന്ന ഭൂമിയിൽ തിരുവനന്തപുരം കോർപ്പറേഷന്റെ എയ്റോബിക് കമ്പോസ്റ്റ് ബിനിൽ നിന്നുള്ള ജൈവവളം നിറച്ച് മണ്ണ് പരുവപ്പെടുത്തിയെടുത്ത ശേഷമാണ് കൃഷി ആരംഭിച്ചത്.

ഫാക്ടറിയുടെ 80 ഏക്കറോളം വരുന്ന ഭൂമിയിലെ അതിർത്തി പ്രദേശങ്ങളിൽ ഫവലൃക്ഷത്തൈകളും പദ്ധതിയുടെ ഭാഗമായി നട്ടുവളർത്തിയിട്ടുണ്ട്. ഒട്ടുംതന്നെ കൃഷിയോഗ്യമല്ലാത്ത സ്ഥലത്ത് പച്ചപ്പ് തീർക്കണമെന്ന് ചെയർമാന്റെ ആഗ്രഹമാണ് കൃഷിവകുപ്പിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതിയാക്കി നടപ്പിലാക്കുവാനും നൂറുമേനി വിളവിനും ഇടയാക്കിയത്. ജനങ്ങൾക്കും പരിസ്ഥിതിക്കും സൗഹൃദ കൃഷിവ്യവസായം വരും സീസണുകളിലും തുടരുവാനാണ് ജീവനാക്കാരുടെ തീരുമാനം.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314